# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.11401/19/EST-A/EST-C

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
27/03/2025

## സർക്കുലർ

വിഷയം:- ഗ്രൂപ്പ് മെഡിക്കൽ ഇൻഷ്വറൻസിനു വേണ്ടി ജീവനക്കാരുടെ വിവരങ്ങൾ ശേഖരിക്കുന്നത് സംബന്ധിച്ച്.

സൂചന:- **22/03/2025**-ലെ **ROC.3429/24/Est-4** നമ്പർ ബോർഡ് ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഗ്രൂപ്പ് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിൽ വരുത്തുന്നതിന് നാഷണൽ ഇൻഷ്വറൻസ് കമ്പനിയെ തെരഞ്ഞെടുത്ത് ഉത്തരവായിട്ടുള്ളതാണ്. നിലവിൽ **"SIBRO Link"** വഴി വിവരങ്ങൾ നൽകിയ **2775** ജീവനക്കാർക്കാണ് ടി ആനുകൂല്യം ലഭ്യമാവുക.

പുതുതായി ഗ്രൂപ്പ് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുവാൻ താൽപര്യമുള്ള ജീവനക്കാർ **"SIBRO Link"** വഴി ചുവടെ വിവരിക്കുന്ന ക്രമം തങ്ങളുടെ വിവരങ്ങൾ **09/04/2025-നകം** നൽകിയാൽ മാത്രമേ ടി പദ്ധതിയുടെ ഭാഗമാകാൻ സാധിക്കുകയുള്ളൂ. നിലവിൽ വിവരങ്ങൾ നൽകിയിട്ടുള്ള ജീവനക്കാർ വീണ്ടും വിവരങ്ങൾ നൽകേണ്ടതില്ല. നൽകിയ വിവരങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ **9544190008** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

1. ജീവനക്കാർ അവരുടെ ഫോൺ നമ്പർ ഉപയോഗിച്ച് ടി പോർട്ടലിൽ ലോഗിൻ ചെയ്യുക, ശേഷം ഈ നമ്പറിലേയ്ക്ക് ലഭിക്കുന്ന **OTP** ഉപയോഗിച്ച് രജിസ്ട്രേഷൻ പ്രൊഫൈലിൽ കയറുക.
2. ഈ പ്രൊഫൈലിൽ ജീവനക്കാരുടേയും ആശ്രിതരുടേയും വിവരങ്ങൾ എൻറോൾ ചെയ്യുന്ന അവസരത്തിൽ അവരവരുടെ ഐ.ഡി പ്രൂഫ് പ്രകാരമുള്ള വിവരങ്ങൾ (ജനന തീയതി, പേര് എന്നിവ) നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
3. പ്രൊഫൈലിൽ നൽകുന്ന ഫോൺ നമ്പർ, ഇ-മെയിൽ ഐ.ഡി എന്നിവ നിലനിർത്തുക. ഇൻഷ്വറൻസുമായി ബന്ധപ്പെട്ട സന്ദേശങ്ങളും മറ്റ് നിർദ്ദേശങ്ങളും എല്ലാം ഇതിലേക്കായിരിക്കും ലഭിക്കുന്നത്.
4. വിവരങ്ങൾ എല്ലാം ശരിയാണോ എന്ന് പരിശോധിച്ചതിന് ശേഷം മാത്രം **CONFIRM** ബട്ടൺ അമർത്തുകയും അതിനു ശേഷം ബന്ധപ്പെട്ട വിവരങ്ങൾ ഇ-മെയിൽ ആയി ലഭിച്ചോ എന്ന് കൂടി പരിശോധിക്കേണ്ടതാണ്.

❖ ലിങ്ക് ചുവടെ ചേർക്കുന്നു :- **https://tdb.securus.in/**

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ,

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:-

1. എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2. ഐ.റ്റി സെക്ഷൻ
3. സെക്ഷൻ ഫയൽ

AR.27/03